G3/33102/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 26.07.2022

<u>പരിപത്രം</u>

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -കോളേജ് വിദ്യാർത്ഥികൾ പഠന യാത്ര / വിനോദയാത്രക്കായി അനധികൃതമായി രൂപ മാറ്റം വരുത്തിയ വാഹനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നത് - സംബന്ധിച്ച്

സൂചന :- ട്രാൻസ്പോർട്ട് കമ്മീഷണറുടെ 07.07.2022 തീയതിയിലെ ഇ1/121/2022 -റ്റി സി നമ്പർ കത്ത്

*********

സംസ്ഥാനത്ത് വിവിധ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പഠനയാത്ര / വിനോദയാത്രയ്ക്കായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങളാണ് ബുക്ക് ചെയ്ത് ഉപയോഗിച്ചുവരുന്നത്. എന്നാൽ ചില സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ അനധികൃതമായി രൂപമാറ്റം വരുത്തിയതും ആഡംബര ലൈറ്റുകൾ ഘടിപ്പിച്ചതും അരോചകമായ ശബ്ദം പുറപ്പെടുവിക്കുന്ന "Audio System" ഘടിപ്പിച്ചതുമായ കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ പഠന യാത്ര/വിനോദയാത്രയ്ക്കായി തിരഞ്ഞെടുത്ത് ഉപയോഗിച്ചുവരുന്നുണ്ട്. ഇത്തരം വാഹനങ്ങൾ ചിലപ്പോൾ അപകടത്തിൽ പെടുന്നതായി കാണുന്നു. ഇത്തരം വാഹങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

അതിനാൽ വിദ്യാർത്ഥികൾ പഠനയാത്ര / വിനോദയാത്രയ്ക്കായി നിയമാനുസൃതം സർവീസ് നടത്തുന്നതും അനാവശ്യ രൂപമാറ്റം വരുത്താത്തതുമായ കോൺട്രാക്ട് കാര്യേജുകൾ മാത്രമേ ഉപയോഗിക്കുന്നുള്ളു എന്നും, പഠനയാത്ര / വിനോദയാത്രയ്ക്ക് രക്ഷകർത്താക്കളുടെ സമ്മതം ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തണമെന്ന് അറിയിക്കുന്നു.

കൂടാതെ പഠനയാത്ര / വിനോദയാത്ര ആരംഭിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ / ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ വിവരം അറിയിക്കേണ്ടതുമാണ്.

Approval Valid

Digitally Approved By
ഡോ. ജോതിരാജ്. എം
Date: 26.07.2022
Reason: Approved

ഒപ്പ്/-
ഡോ. ജോതിരാജ്. എം
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പ്രൈവറ്റ് /എയ്ഡഡ് കോളേജുകളെ അറിയിക്കുന്നതിലേക്കായി)
2. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പൾമാർക്കും.